**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4679** **19-07-2022 - ൽ മറുപടിയ്ക്ക്**

**ബ്ലൂ ഇക്കോണമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി ആർ മഹേഷ്,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ബ്ലൂ ഇക്കോണമി നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തെത്തുടർന്ന് സംസ്ഥാന സർക്കാർ ഏതൊക്കെ സ്റ്റേക്ക് ഹോൾഡേഴ്സുമായി ചർച്ച നടത്തിയിട്ടുണ്ട്; എന്തൊക്കെ നിർദ്ദേശങ്ങളാണ് ചർച്ചകളുടെ അടിസ്ഥാനത്തിൽ ഉയർന്നുവന്നതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ബ്ലൂ ഇക്കോണമി നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തെ തുടർന്ന് ഫിഷറീസ് വകുപ്പ് സ്റ്റേക്ക് ഹോൾഡേഴ്സുമായി ചർച്ച നടത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് ബ്ലൂ ഇക്കോണമി നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തെ തുടർന്ന് ഫിഷറീസ് വകുപ്പ് സ്റ്റേക്ക് ഹോൾഡേഴ്സുമായി ചർച്ച നടത്തിയിട്ടില്ല. |
| (സി) | ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ നിന്ന് എന്തെങ്കിലും ഉറപ്പുകൾ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | സംസ്ഥാനത്ത് ബ്ലൂ ഇക്കോണമി നടപ്പിലാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തെ തുടർന്ന് ഫിഷറീസ് വകുപ്പ് സ്റ്റേക്ക് ഹോൾഡേഴ്സുമായി ചർച്ച നടത്തിയിട്ടില്ല. |
| (ഡി) | തീരദേശവാസികളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന രീതിയിൽ മാത്രമേ ബ്ലൂ ഇക്കോണമി നടപ്പാക്കുകയുള്ളൂ എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) | രാജ്യത്ത് നടപ്പിലാക്കുന്ന നീല സമ്പദ് വ്യവസ്ഥയെ കുറിച്ചുള്ള കരട് നയ ചട്ടക്കൂടിൽ പരാമർശിച്ചിട്ടുള്ള വിവിധ ശിപാർശകൾ പരിഗണിക്കുമ്പോൾ തീരപ്രദേശങ്ങളിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഏക ഉപജീവന മാർഗ്ഗമായ കടലും മത്സ്യബന്ധന വിഭവങ്ങളും അവയിൻമേലുള്ള അവകാശങ്ങളും സംരക്ഷിക്കുന്നുവെന്ന് അന്തിമ നയ ചട്ടക്കൂടിൽ ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. ഭരണഘടന അനുസരിച്ച് ടെറിട്ടോറിയൽ മേഖലയിലെ മത്സ്യബന്ധനം ഒരു സംസ്ഥാന വിഷയമാണ്. ആയതിനാൽ സംസ്ഥാനങ്ങളുടെ അവകാശങ്ങളിന്മേ ലുള്ള കടന്ന് കയറ്റം അനുവദിക്കുവാൻ കഴിയുന്നതല്ല. കടലിൽ മീൻ പിടിക്കാനുള്ള അവകാശവും മത്സ്യത്തിന്റെ ആദ്യ |

| | | | |
|---|---|---|---|
| | | | വിൽപ്പന, കടൽ മത്സ്യ വിഭവങ്ങൾ എന്നിവയുടെ മേൽനോട്ടവും ഉപയോഗ അവകാശങ്ങളും മത്സ്യത്തൊഴിലാളികൾക്ക് ഉറപ്പാക്കാനുള്ള നടപടികളുണ്ടാകണം എന്നതാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം.<br><br>കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ച നീല സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള കരട് നയത്തിൽ സംസ്ഥാന മത്സ്യബന്ധന മേഖലയെ ബാധിക്കുന്ന വിഷയങ്ങളിൽ സംസ്ഥാനത്തിന്റെ ആശങ്കകളും അഭിപ്രായവും 20/09/2021 തീയതിയിലെ കത്ത് പ്രകാരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ